ദുരിതപർവ്വത്തിലകപ്പെട്ടവർക്ക് സഹായവും സാന്ത്വനവുമായി മുഖ്യമന്ത്രി

ൽഷറ്റ: ദുരിതത്തിന്റെ കൂട്ടില കപ്പെട്ട നൂറുകണക്കിന് പേർ ണ്മുഖ്യമന്ത്രിയുടെ ജനസമ്പർക്ക ടിപാടി സാന്ത്വന സ്പർശമായത്. കട്ടിടത്തിൽ നിന്നും വീണ് ഗുരുതര തി പരിക്കേറ്റ് ചികിത്സയിൽ ഴിയുന്ന നടുവണ്ണൂർ കിളിയാടത്ത് ടുവർണ്ണനാണ് ആദ്യം മുഖ്യമന്ത്രി നസഹായം നൽകിയത്. തുടർ കിത്സക്കായി സുവർണനന് 25,000 പയാണ് മുഖ്യമന്ത്രി അടിയന്തരമാ അനുവദിച്ചത്.

ബക്കപകടത്തിൽ പരുക്കേറ്റ കിത്സ തുടരുന്ന മേപ്പാടി, നന്ത കൊല്ലി, അല്ലപ്പുഴ ജെയിംസിന് ,000 രൂപ, കെട്ടിടജോലിക്കിടെ ണു പരിക്കേറ്റ പുൽഷാറ എൽ ൺ എസ്റ്റേറ്റിലെ 29 കാരനായ ാണിന് 5,000 രൂപയും വീൽ പയറും എന്നിങ്ങനെ ആമ്പുല സിലും ജീപ്പിലും ഓട്ടോറിക്ഷയിലും ന്ന കാണാനെത്തിയവർക്ക് വരുടെ ദുരിതത്തിന്റെ കാഠിന്യമ സിച്ച് അദ്ദേഹം ധനസഹായങ്ങൾ വിതരണം ചെയ്യുകയും അപ്പോൾ തന്നെ ക നൽകുവാൻ ഉദ്യോഗസ്ഥരോട് ർദ്ദേശിക്കുകയും ചെയ്തു. സി ർ പി എഫ് ജവാനായിരിക്കെ ിഹാറിൽ വെച്ച് ലഡയിൽ നിന്നും ണ് പരിക്കേറ്റ് ചികിത്സയിൽ ഴിയുന്ന മേപ്പാടി, പള്ളിക്കവല, ലക്കുന്ന് ആട്ടുവയൽ അനീഷ് ഖ്യമന്ത്രിയെ കാണാനെത്തിയത് ട്ടിലേക്ക് വഴിയും വൈദ്യുതിയും നുവദിക്കുക എന്നീ രണ്ട് ആവ ങ്ങളുമായിട്ടായിരുന്നു. പരാതി ത്തോടെ കേട്ട മുഖ്യമന്ത്രി രണ്ട് ആവശ്യങ്ങളും അടിയന്തരമായി ടപ്പിക്കാൻ ഉദ്യോഗസ്ഥർക്ക് ദേശം നൽകി. ഗൾഫിൽ ജോലി ചെയ്യുന്നതിനിടയിൽ വാഹനാപ കത്തിൽപെട്ട് അരക്ക് താഴേക്ക് ളർന്ന കൽപ്പറ്റ വട്ടക്കണ്ടി സ്വദേശി ഹമ്മദെത്തിയത് പ്രാരാബ്ധങ്ങ ളുടെ കെട്ടുമായാണ്. അപ്രതീക്ഷി തമായി വിധി നൽകിയ ദുരിതത്തിൽ മുഹമ്മദിന്റെ സ്വപ്നങ്ങൾ താറു മാറായപ്പോൾ ഒപ്പം മക്കളായ മൂന്ന് പെൺകുട്ടികളുടെ ജീവിതവും ദുരിതമയമായി. കഴിഞ്ഞ ആറുവ ർഷമായി ദുരിതത്തിൽ കഴിയുന്ന മുഹമ്മദിന് മുഖ്യമന്ത്രി ധനസഹായം അനുവദിച്ചു. ഗൃഹിണിയായ ഭാര്യയെ യും കൂട്ടി ചള്ളിമൂല, എടപ്പെട്ടി പ്ലാക്കൽ ജോൺസണെത്തിയത് വേദന കടിച്ചമർത്തിയാണ്.

ജോലിക്കിടെ കാലിൽ കല്ല് വീണു പരുക്കേറ്റ ജോൺസണും ധന സഹായം നൽകാൻ മുഖ്യമന്ത്രി മറന്നില്ല. പനമരം അഞ്ചുകുന്ന് സ്വദേശിയായ ശശിയെത്തിയത് മരത്തിൽ നിന്നും വീണ് പരുക്കേറ്റതിനെ തുടർന്നുണ്ടായ ജീവിതപ്രാരാബ്ദങ്ങളെ കുറിച്ച് മുഖ്യമന്ത്രിയെ ധരിപ്പിക്കാനാണ്. ഒമ്പത് വർഷം മുമ്പ് നടന്ന ദുരന്തത്തിന്റെ തീരാത്ത വേദനയുമായി ആമ്പുലൻസിലെത്തിയ ശശിയെ സാന്ത്വനിപ്പിച്ച മുഖ്യമന്ത്രി പരാതി നൽകിയാൽ ധനസഹായം അടക്കമുള്ള കാര്യങ്ങൾ ഇവിടെ നിന്നുതന്നെ ചെയ്യാമെന്ന് ഉറപ്പുനൽകുകയും ചെയ്തു. മസിലുകൾ ശോഷിച്ചുപോകുന്ന അസുഖമായ സ്പൈനോ മസ്കുലർ അസ്ട്രോഫി എന്ന രോഗം ബാധിച്ച് അവശനായ 44-കാരനായ പുൽപ്പള്ളി ചെറുപ്പാലം കണ്ണക്കാപറമ്പിൽ കെ ബേബി എത്തിയത് ജീവിക്കാൻ ഒരു മാർഗവുമില്ലെന്ന പരിദേവനവുമായാണ്. പ്രീഡിഗ്രിയും കംപ്യൂട്ടർ പരിജ്ഞാനവുമുള്ള ബേബിയുടെ രണ്ട് സഹോദരങ്ങളും ഇതേ രോഗം ബാധിച്ച് അവശനിലയിൽ കഴിയുകയാണ്. പരാതി കേട്ട മുഖ്യമന്ത്രി ബേബിക്ക് ജോലിയും ധനസഹായവും നൽകാൻ കലക്ടർക്ക് നിർദേശം നൽകി. മരത്തിൽ നിന്നുവീണ് അരക്ക് താഴേക്ക് തളർന്നുപോയ കോളേരി

കെട്ടിടത്തിൽ നിന്നും വീണു പരുക്കേറ്റ സുവർണന്റെ പരാതി കേൾക്കാൻ മുഖ്യമന്ത്രിയെത്തിയപ്പോൾ.

കറുവന്താനത്ത് ശ്രീനിവാസൻ മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടത് കൈകൊണ്ട് തയ്ക്കാവുന്ന മിഷനാണ്. അടിയന്തരമായി അത് അനുവദിച്ചുനൽകാൻ മുഖ്യമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു.

ആറ് വർഷമായി സ്തനാർബ്ബുദ രോഗബാധിതയാണ് കാക്കവയൽ സ്വദേശിനിയായ സരസ്വതി. ഇതേ അസുഖത്തെ തുടർന്ന് ഇവരുടെ കുടുംബത്തിലെ മൂന്ന്പേർ ഇതിനകം മരണപ്പെട്ടു. ചികിത്സക്കായി വീടും പുരയിടവും നഷ്ടപ്പെട്ട സരസ്വതി ഒരു കൈ സഹായത്തിനായാണ് മുഖ്യമന്ത്രിയെ സമീപിച്ചത്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ തൽക്കാല ആശ്വാസമായി സരസ്വതിക്കും മകനും രണ്ടു കുട്ടികളുടെയുമുൾപ്പെടെ കുടുംബത്തിനും 25,000 രൂപ അനുവദിച്ചു. ബത്തേരി തൊവരിമലയിലെ കുലിപ്പണിക്കാരനായ നാരായണപ്പണിക്കർക്ക് ജോലിക്കിടയിലുണ്ടായ അപകടത്തിൽ ഗുരുതരമായ അസ്വസ്ഥതകൾ അനുഭവിച്ചുവരുന്നു. പുമലപള്ളി ഇഷ്ടദാനമായി നൽകിയ എട്ടര സെന്റ് പട്ടയഭൂമിയായിരുന്നു ഏകആശ്രയം. ഈ ഭൂമിയുടെമേൽ നാരായണപ്പണിക്കർ ഔദ്യോഗികമായി യാതൊരു രേഖയുമുണ്ടായിരുന്നില്ല. പലവട്ടം സർക്കാർ ഓഫീസുകൾ കയറിയിറങ്ങിയിട്ടും യാതൊരു ഫലവും ലഭിച്ചില്ല. എന്നാൽ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ അവതരിപ്പിച്ച ഈ പ്രശ്നത്തിന് ഉടൻ തന്നെ പരിഹാരമായി. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഈ പ്രശ്നത്തിന് ബത്തേരി തഹസിൽദാർ വഴി പട്ടയഭൂമി നാരായണപ്പണിക്കരുടെ പേരിൽ പതിച്ചു നൽകാൻ ഉത്തരവുണ്ടായി. കെട്ടിടം പണിക്കിടെ അപകടത്തിൽ നട്ടെല്ലിന് ക്ഷതമേറ്റ പുൽഷാറയിലെ ജോൺ അതിദയനീയാവസ്ഥയിലാണ് മുഖ്യമന്ത്രിയെ കാണാനെത്തിയത്. പ്രതിമാസം 300 രൂപ പെൻഷൻ ലഭിക്കുന്ന ഈ യുവാവിന് മുഖ്യമന്ത്രി 5000 രൂപയും ഒരു വീൽചെയറും അനുവദിച്ചു. വിധി വേട്ടയാടിയ പാവങ്ങൾക്കെല്ലാം ജനസമ്പർക്ക പരിപാടിയുടെ വേദിയിൽ വെച്ചു തന്നെ മുഖ്യമന്ത്രി ആശ്വാസമേകി.

സുഖമില്ലാത്ത കുട്ടിയുമായി മുഖ്യമന്ത്രിയെ കാണാനെത്തിയ പിതാവ് കാര്യങ്ങൾ വിശദീകരിക്കുന്നു

ജനസമ്പർക്ക പരിപാടിയുടെ പ്രധാനവേദിയിലേക്ക് വരുന്ന മുഖ്യമന്ത്രി. എം ഐ ഷാനവാസ് എം പി, മന്ത്രി പി കെ ജയലക്ഷ്മി എന്നിവർ സമീപം